(ബി) ഫാർമക്കോളജി (ദ്രവ്യഗുണ വിജ്ഞാനം) യിൽ എം. ഡി. ബിരുദമുള്ള അദ്ധ്യാപകർ ആയുർവേദ കോളേജുകളിലുള്ളപ്പോൾ അവരുടെ സേവനം ഉപയോഗപ്പെടുത്താതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ-യിൽ പരാമർശിച്ചിട്ടുള്ള നിയമനം നടന്നത് 1983-ൽ പി. ജി. സെൻററിനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾസ് പ്രസിദ്ധീകരിക്കുന്നതിന് മുൻപാണ്. സ്പെഷ്യൽ റൂൾസ് അനുസരിച്ച് ആയുർവേദ കോളേജിൽ നിന്ന് നേരിട്ട് പി. ജി. സെൻററിലേക്ക് പ്രൊഫസർമാരെ നിയമിക്കാൻ വ്യവസ്ഥയില്ല.

തിരുവനന്തപുരം ആയുർവേദ കോളേജ്

386. [571] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജ് ആയുർവേദ നാഷണൽ ഇൻസ്റിറിറ്യൂട്ടിന്റെ ഭാഗമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

കേരളത്തിൽ ആയുർവേദ നാഷണൽ ഇൻസ്റിറിറ്യൂട്ട് നിലവിൽ വന്നിട്ടില്ല.

ആയുർവേദ കോളേജുകളിൽ ഫാമിലി പ്ലാനിംഗ് യൂണിറുകൾ

387. [572] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ കോളേജുകളോട് അനുബന്ധിച്ച് ഫാമിലി പ്ലാനിംഗ് യൂണിറുകൾ ആരംഭിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ;

(ബി) കുടുംബാസൂത്രണ പദ്ധതി ബി. എ. എം. എസ്. സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ആയുർവേദ കോളേജിനോടനുബന്ധിച്ച് ഇപ്പോൾ തിരുവനന്തപുരം ആയുർവേദ കോളേജ് മെറേർണിറി ആശുപത്രിയിൽ ഫാമിലി പ്ലാനിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ നിലവിലില്ല.

(ബി) ഉണ്ട്.

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജ്

388. [573] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ ഈ വർഷം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്നു തീരുമാനമെടുത്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly